I/91501/2024

ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/3998/2024-EG2 (EG) തീയതി:

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - സീനിയർ ജോയിൻറ് ഡയറക്ടർ/ ജോയിൻറ് ഡയറക്ടർ (പോളിടെക്നിക് സ്ട്രീം) നിയമനം- രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. G. O (Ms) No. 291/2022/H.Edn dated 10.06.2022.
2. Kerala Gazette Notification Vol. XIII No. 1401 dated 25.04.2024.

സൂചന (2) പ്രകാരം, സർക്കാർ പോളിടെക്നിക് കോളേജുകളിൽ 01.01.2024 വരെ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം/ പ്രൊമോഷൻ ലഭിച്ചവരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സീനിയർ ജോയിൻറ് ഡയറക്ടർ/ ജോയിൻറ് ഡയറക്ടർ (പോളിടെക്നിക് സ്ട്രീം) തസ്തികയിലേക്കുള്ള നിയമനം നടത്തുന്നതിലേക്കായി പ്രിൻസിപ്പാൾ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകർ താഴെപറഞ്ഞിരിക്കുന്ന രേഖകളും,വിവരങ്ങളും സ്ഥാപനമേധാവിമുഖേന അയച്ചുതരേണ്ടതാണ്.

- യോഗ്യത സർട്ടിഫിക്കറ്റ്, കഴിഞ്ഞ 3 വർഷത്തെ CR, ശൂന്യവേതനാവധി എടുത്തിട്ടുള്ളവർ അതിന്റെ വിവരം എന്നിവ സമർപ്പിക്കേണ്ടതാണ്. 01.01.2023 മുതൽ SCORE മുഖേനെ CR സമർപ്പിക്കേണ്ടതാണ്.
- ബി. ടെക് & എം. ടെക് ഡിഗ്രീ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (പ്രോവിഷണൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയവർ അതാത് യൂണിവേർസിറ്റി നല്കിയ ഡിഗ്രീ സർട്ടിഫിക്കറ്റ്, കേരളത്തിന് പുറത്തുള്ള യൂണിവേർസിറ്റികളിൽ നിന്നും എം. ഇ / എം. ടെക് ഡിഗ്രീ കാര്യസ്ഥമാക്കിയവർ equivalency സർട്ടിഫിക്കറ്റ് എന്നിവ അയച്ചു തരേണ്ടതാണ്).
- ലക്ചറർ, HOD, പ്രിൻസിപ്പാൾ എന്നീ തസ്തികയിൽ join ചെയ്ത തീയതി, പ്രിൻസിപ്പാൾ തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ച ഉത്തരവ്, ശൂന്യവേതനാവധി / അച്ചടക്ക നടപടി എന്നിവ ഉണ്ടെങ്കിൽ അതിന്റെ വിവരം / പകർപ്പ് എന്നിവ.

ടി വിവരങ്ങൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സാഹിതം സർക്കുലർ പ്രസിദ്ധീകരിച്ച് 5 ദിവസത്തിനകം ഈ ഓഫീസിൽ estg1dte@gmail.com എന്ന ഇ-മെയിൽ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

Rajasree MS
DIRECTOR

I/91501/2024

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട അദ്ധ്യാപകർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Rajasree Ms
Date: 21-05-2024 17:07:23